LIBRARY ARCHIVES Kerala Legislative Assembly

സി-ആപ്റ്റ്, അൻസാലാ കമ്പനിയിൽ നിന്നുള്ള വാടക മെഷീൻ

16 (5080) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ആപ്റ്റ് ലോട്ടറി ടിക്കറ്റ് നമ്പറിംഗിനും ബാർകോഡ് പതിക്കുന്നതിനു വേണ്ടി, അൻസലാ എന്ന സ്വകാര്യ കമ്പനിയിൽ നിന്ന് കോപ്പി ഒന്നിന് 92 പൈസ എന്ന നിരക്കിൽ കാനൻ OCE VP-320 മെഷീൻ വാടകയ്ക്ക് എടുത്തത് ആരുടെ അനുമതിയോടെ ആണെന്നും ഈയിനത്തിൽ പ്രസ്തുത കമ്പനിക്ക് 2014-15-ൽ 1.60 കോടി രൂപ നൽകിയതിലൂടെ ഖജനാവിന് എത്ര രൂപ നഷ്ടമായി എന്നും വിശദമാക്കുമോ ;

(ബി) ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും പ്രസ്തുത നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2-8-2013-ൽ കൂടിയ 41-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് Canon OCE-VP 320 എന്ന മെഷീൻ വാടകയ്ക്കെടുത്തത്. വാടകയ്ക്കെടുത്ത ടി മെഷീനിലൂടെ സെന്ററിന് പ്രതിമാസം 9.63 ലക്ഷം രൂപ ലാഭം കിട്ടുന്നതായി അക്കൗണ്ടന്റ് ജനറലിന്റെ 2013-14 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 1.80 കോടി രൂപ വില വരുന്ന ഈ മെഷീൻ വാടകയ്ക്കെടുത്തതുമൂലം 2013 നവംബർ മുതൽ 2014 ഒക്ടോബർ വരെയുള്ള കാലയളവിൽ എ.എം.സി. ഇനത്തിൽ സെന്ററിന് 108.78 ലക്ഷം രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. എ.ജി.-യുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സി-ആപ്റ്റ് അധിക പാഠപുസ്തകങ്ങൾ അച്ചടിച്ചത്

17 (5082) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 അധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങളുടെ അച്ചടിയുമായി ബന്ധപ്പെട്ട് 2015 മേയ് വരെ സി-ആപ്റ്റിനു ലഭിച്ച ഇൻഡന്റിൽ ആകെ 23 ലക്ഷം പാഠപുസ്തകങ്ങൾ ആണ് ആവശ്യമായിട്ടുള്ളത് എന്നു വ്യക്തമായി രേഖപ്പെടുത്തിയിരുന്നെങ്കിലും 40 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിച്ചു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;